# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3484** **14.10.2011 - ൽ മറുപടിക്ക്**

## കൈത്തറി വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) കൈത്തറി വ്യവസായത്തെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ കൈത്തറി മേഖലയുടെ സംരക്ഷണത്തിനും വളർച്ചയ്ക്കുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തുന്നതാണ്. |
| (ബി) പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളുടെ നിലവിലെ നഷ്ടം നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) സെൻട്രലൈസ്ഡ് പർച്ചേസ് കമ്മിറ്റി മുഖേന ഇടനിലക്കാരില്ലാതെ പരുത്തി വാങ്ങി നൽകുന്നു. ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി മില്ലുകൾക്ക് സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. അസംസ്കൃത വസ്തുവായ പഞ്ഞിയുടെ വിലവർദ്ധന കാരണം താരതമ്യേന ചെലവ് കുറഞ്ഞ പോളിയസ്റ്റർ കോട്ടൺ അസംസ്കൃത വസ്തുവായി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ വൈദ്യുതി സംരക്ഷണത്തിനായി മില്ലുകളിൽ എനർജി മാനേജ്മെന്റ് സെന്റർ മുഖേന എനർജി ഓഡിറ്റ് നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**